# റിട്ടയേർഡ് റവന്യൂ കൂട്ടായ്മ

മലപ്പുറം ജില്ല, രജി. നമ്പർ 292/2010

ഒരു RRK പ്രസിദ്ധീകരണം

E-വാർത്താ പത്രിക


2020 ഓഗസ്റ്റ്

ലക്കം 6

അംഗങ്ങൾക്ക് ഓൺലൈൻ മുഖേന


## ാലത്തിന്റെ മുമ്പേ നടന്നവർ


എം. ബാലകൃഷ്ണകുറുപ്പ് - ജില്ലാ പ്രസിഡന്റ്

**രാ**ജ്യം 74-ാം പിറന്നാൾ ആഘോഷിക്കുന്ന ഈ വേളയിൽ 51 വയസ്സിൽ എത്തിയ നമ്മുടെ മലപ്പുറം ജില്ല വികസനനേട്ടങ്ങൾ കൈവരിക്കുന്നതിനുമുമ്പിൽ ൽ ഭേദമന്യേ ചെറുതും വലുതുമായ ിത്തം വഹിച്ച നമ്മൾ ഇപ്പോൾ ആ ്സ്മരണകൾ അയവിറക്കികൊണ്ട് ജീവിതത്തിലാണ്. റിട്ടയർ ചെയ്ത വും സമൂഹത്തിന്റെ വിവിധ മേഖലകളിൽ ാന്നിധ്യമായിരുന്ന നമ്മെ കോവിഡ്-19 ാരി കഴിഞ്ഞ നാലഞ്ച് മാസത്തോളമായി ടിന്റെ അകത്തളങ്ങളിൽ ട്ടിരിക്കുകയാണ്. നമ്മുടെ എല്ലാവിധ ും, കഴിവും എല്ലാമെല്ലാം പേരകുട്ടിക ടാത്ത് പങ്കിടാനും ചിലവഴിക്കാനും ിൽ ലയിച്ച് ആനന്ദം കണ്ടെത്താനും ക്കെങ്കിലും കഴിഞ്ഞു എന്നുള്ളത് ഒരു ട്ടം തന്നെയല്ലേ. എന്നാൽ സമൂഹജീവി നിലയിൽ നമ്മുടെ സേവനം വശ്യമായ പല മേഖലകളിലും നൽകാൻ ാത്ത സാഹചര്യവും നമ്മെ അലോസര ത്തുന്നുണ്ട്. കൂടാതെ നമ്മിൽ ചിലർക്ക് ിക പ്രശ്നങ്ങളും, ഒറ്റപ്പെടലിന്റെ ങ്ങളും, ഫോൺ എടുക്കാൻ പോലും ര്യമില്ലാത്ത സാഹചര്യവും സംജാതമാ ്ട് എന്ന വസ്തുതയും നാം ഗൗരവമായി ണിക്കേണ്ടിയിരിക്കുന്നു. ഇത്തരം ുവിളികളെ നേരിടാൻ സർക്കാർ-ര സർക്കാർ സഹകരണത്തോടെ മുഖ പദ്ധതികളിലേക്ക് നാം കൂട്ടായി ിച്ചേ മതിയാവൂ.

ഇതിന്റെ ഭാഗമായി നമ്മുടെ ശികോല്ലാസം, വിജ്ഞാനം, വിനോദം വ വ്യാപിപ്പിക്കുന്നതിന് വേണ്ടി RRK ് വാട്സ്ആപ്പ് Welfare Group വർക്കുമായി തുറന്നു കൊടുത്തിട്ടുണ്ട്. വർക്കും ഒരുപോലെ വിജ്ഞാനം ുന്ന എത്രയെത്ര പോസ്റ്റിങ്ങുകളാണ് അതിൽ വന്നുകൊണ്ടിരിക്കുന്നത്. അപവാദമായി ചിലരുടെ മനസ്സിനെ വേദനിപ്പിക്കുന്ന ചില പോസ്റ്റുകളും ഇടം പിടിക്കാറുണ്ട് എന്ന കാര്യം ഞാൻ വിസ്മരിക്കുന്നില്ല. ഇത്തരത്തിലുള്ളവ ഒഴിവാക്കിയാൽ ഭൂരിപക്ഷം പോസ്റ്റുകളും എല്ലാവർക്കും സ്വാഗതാർഹമാണ്. ഇതിന് കാരണക്കാരായ എല്ലാവരെയും ഈ അവസരത്തിൽ അഭിനന്ദിക്കുന്നു. എല്ലാവരും സ്വമേധയാ നമ്മുടെ വാട്സ്ആപ്പ് ഗ്രൂപ്പിൽ സജീവമാകണമെന്നു കൂടി അഭ്യർത്ഥിക്കുന്നു. ഇതിന്പുറമെ Facebook, Twitter പോലുള്ള സംവിധാനങ്ങളിലും ബന്ധപ്പെടുന്നത് ഉചിതമായിരിക്കും. നമ്മുടെ ഔദ്യോഗിക കാലയളവിലെ എണ്ണമറ്റ അനുഭവങ്ങളിൽ ചിലതൊക്കെ ഈ ഒഴിവുകാലത്ത് ഒന്ന് കുറിച്ചുവെച്ചാൽ, മൺമറയുന്ന ഈ അനുഭവങ്ങൾ വരും തലമുറയ്ക്ക് ചരിത്രത്തിന്റെ ഭാഗമായി പ്രചോതനമോ വിജ്ഞാനമോ നൽകാൻ അവ ഉപകരിച്ചേക്കാം.

നമ്മെ നാമാക്കിയ സമൂഹത്തിന് നമ്മുടെ മരണത്തിനു മുമ്പ് ധാരാളം കാര്യങ്ങൾ ഇനിയും നമുക്ക് നൽകാനുണ്ട്. നമുക്കൊക്കെ കുറച്ചു സമയമേ ഇനി ബാക്കിയുള്ളൂ. അതുകൊണ്ടുതന്നെ നമ്മുടെ പരിമിതികളിൽ നിന്നുകൊണ്ട് ദീനാനുകമ്പ പ്രവർത്തനങ്ങൾക്കും, സാമൂഹ്യ സേവനങ്ങൾക്കും ഈ കോവിഡ്-19 മഹാമാരി കാലത്ത് സമയം കണ്ടെത്തുന്നത് മനസ്സന്തോഷത്തിനും ആത്മസംതൃപ്തിക്കും കാരണമായിത്തീരും. തിരൂരങ്ങാടി, കൊണ്ടോട്ടി, തിരൂർ യൂണിറ്റുകളുടെ ഇത്തരം പ്രവർത്തനം ഈ അവസരത്തിൽ മുക്തകണ്ഠം പ്രശംസ അർഹിക്കുന്നതാണ്.

നമ്മെ സംബന്ധിച്ച് അടുത്തൊന്നും പരമ്പരാഗത യോഗങ്ങൾ ചേരാനുള്ള ഒരു സാധ്യതയും കാണുന്നില്ല. അതിനാലാണ് 80 വയസ്സ് കഴിഞ്ഞവർക്കും യാത്ര ചെയ്യാൻ പറ്റാത്തവർക്കും ഒന്നിച്ച് പങ്കെടുക്കാവുന്ന E-മീറ്റിങ്ങുകളിലേക്ക് നാം കടക്കുന്നത്. പരീക്ഷണാർത്ഥം ഓരോ താലൂക്കിലും നാം നടത്തിയ Zoom മീറ്റിങ്ങുകൾ വൻവിജയം തന്നെയായിരുന്നു. വർഷങ്ങളായി നേരിൽ കാണാത്തവരുടെ ചലിക്കുന്നതും, ചിരിക്കുന്നതുമായ മുഖം കൺമുന്നിലെ സ്ക്രീനിൽ തെളിഞ്ഞത് അവാച്യമായ അനുഭൂതിയും സന്തോഷവുമാണ് നൽകിയത്. അതിനാൽ എല്ലാവരും Zoom, Google പോലുള്ള E-മീറ്റിംഗുകളിൽ പ്രാവീണ്യം നേടിയേ മതിയാവൂ. അതുവഴി നമ്മുടെ വാർഷിക ജനറൽ ബോഡി 2021ലെ റിപ്പബ്ലിക് ദിനത്തിൽ മുഴുവൻ മെമ്പർമാരുടെയും സജീവ സാന്നിധ്യത്തിൽ E-സംവിധാനത്തിൽ നടത്താൻ കഴിയും എന്ന കാര്യത്തിൽ ആർക്കും സംശയം വേണ്ട.

കേരളത്തിലെ ഇതര വയോജന സംഘടനകൾക്ക് മാർഗ്ഗദർശിയാവാനും അതുവഴി **കാലത്തിന്റെ മുന്നിൽ നടന്ന ഭരണ വകുപ്പിലെ മുൻതലമുറക്കാർ** എന്ന വിശേഷണം എല്ലാവിധത്തിലും അന്വർത്ഥമാക്കാനും എല്ലാവരും ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ നമുക്ക് കഴിയും; കഴിയണം.

---

നമ്മുടെ ജില്ലയിൽ യാതൊരു നിയന്ത്രണവുമില്ലാതെ **കോവിഡ്-19** മഹാമാരി പടർന്നു കൊണ്ടിരിക്കുകയാണ്.

• അതുകൊണ്ടു തന്നെ എല്ലാവരും ആരോഗ്യ വകുപ്പ് അധികൃതർ നിർദ്ദേശിക്കുന്ന സുരക്ഷിതമാർഗ്ഗമായ റിവേഴ്സ് ക്വാറന്റൈൻ പാലിക്കേണ്ടതാണ്.

ലോക്ഡൗൺ പ്രദേശങ്ങളിൽ 60 വയസ്സ് കഴിഞ്ഞവർ (വളരെ അത്യാവശ്യ കാര്യങ്ങൾക്കൊഴികെ) പുറത്തു പോകാതിരിക്കാൻ ശ്രദ്ധിക്കുകയും വേണം.

Break the Chain

എല്ലാവർക്കും സ്വാതന്ത്ര്യദിനാശംസകൾ നേരുന്നു.

216



# മുതിർന്ന പൗരന്മാർ – അവകാശങ്ങൾ, സഹായങ്ങൾ

**RRK- ക്കു വേണ്ടി തയ്യാറാക്കിയത്:**

1) കെ.സി. മോഹനൻ, മലപ്പുറം
2) സി.അബ്ദുൽ റഷീദ്, മഞ്ചേരി,
3) എസ്.ജയശങ്കർ പ്രസാദ്, കോട്ടക്കൽ

ഐക്യരാഷ്ട്ര സഭയുടെ 47/5 നമ്പർ പ്രഖ്യാപന പ്രകാരം 1999 അന്താരാഷ്ട്ര വയോജന വർഷമായി ആചരിച്ചു. അതിന്റെ ചുവടുപിടിച്ച് ഇന്ത്യ 1999 - ൽ ദേശീയ വയോജന നയം പ്രഖ്യാപിച്ചു. ഭാരതത്തിന്റെ ഭരണ ഘടനയുടെ 41-ാം വകുപ്പിൽ വയോജന സംരക്ഷണം പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്.

"The state shall within the limits of its economic capacity and development, make effective provision for securing the right to public assistance in cases of old age". സാമൂഹിക സുരക്ഷ ഭാരതത്തിന്റെ ഭരണഘടന പ്രകാരം കേന്ദ്ര - സംസ്ഥാന സർക്കാറുകളുടെ കൂട്ടായ ഉത്തരവാദിത്തമാണ്. (concurrent responsibility). ഐക്യരാഷ്ട്ര സഭയുടെ കണക്ക് അനുസരിച്ച് 60 വയസ്സിലേക്ക് എത്തുമ്പോഴാണ് ഒരാൾ മുതിർന്ന പൗരൻ/വയോജനം എന്ന സ്ഥിതിയിലേക്ക് പ്രവേശിക്കുന്നത്. മുതിർന്ന പൗരനിലേക്കുള്ള അതിർത്തി 60 വയസ്സാണ്.

ഭാരതത്തിന്റെ പുതിയ വയോജന നിയമം 2011- ൽ പ്രഖ്യാപിക്കുകയും കേന്ദ്ര സാമൂഹിക ക്ഷേമ ശാക്തീകരണ വകുപ്പിന്റെ മേൽനോട്ടത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2007 ലാണ് സുപ്രധാനമായ വയോജനങ്ങൾക്കുള്ള സംരക്ഷണ നിയമം പാസ്സാക്കിയത്. തുടർന്ന് വിവിധ സംസ്ഥാനങ്ങളും ഈ നിയമം പാസ്സാക്കിയിട്ടുണ്ട്. (The Maintenance and Welfare of Parents and Senior Citizen Act 2007).

ഐക്യരാഷ്ട്ര സഭയുടെ ജനസംഖ്യാ പഠനവിഭാഗം (Dept. of Economic and Social Affairs, Population Division) 2002 ൽ പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ട് അനുസരിച്ച് 2000 - 2050 കാലഘട്ടത്തിൽ ഇന്ത്യയിലെ ജനസംഖ്യ 55% വർദ്ധനവ് കാണിക്കുമ്പോൾ 60 വയസ്സിന് മുകളിലുള്ളവരുടെ വർദ്ധനവ് 326% വും, 80 വയസ്സിന് മുകളിലുള്ളവരുടെ വർദ്ധനവ് 700%വും ആണ്. ലോകത്തിലെ വയോജനങ്ങളിലെ എട്ടിൽ ഒരാൾ ഭാരതീയനാണ് എന്നത് ഒരു വസ്തുതയാണ്.

കേരള സംസ്ഥാനം 2006 - ൽ ആദ്യമായി വയോജന നയം പ്രഖ്യാപിക്കുകയും പിന്നീട് 2013 - ൽ പുതുക്കിയ വിപുലമായ വയോജന നയം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രസംസ്ഥാനങ്ങളുടെയൊക്കെ ലക്ഷ്യം വയോജന ക്ഷേമമാണ്. **വയോജന സംരക്ഷണ നിയമം 2007** കേരളവും നടപ്പിൽ വരുത്തിയിട്ടുണ്ട്. പെൻഷൻ, യാത്രാനിരക്ക് ഇളവുകൾ, ആദായ നികുതി ഇളവുകൾ, ആരോഗ്യപരിരക്ഷ, നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ, സംരക്ഷണ കേന്ദ്രങ്ങൾ (old age homes), പകൽവീടുകൾ, പൊതു സഹായ കേന്ദ്രങ്ങൾ, ആംബുലൻസ് സൗകര്യം തുടങ്ങിയവയെല്ലാം ലക്ഷ്യം വെക്കുന്നതാണ് ഈ നിയമം. കേന്ദ്ര- സംസ്ഥാന വയോജന നയങ്ങൾ, വയോജന സൗഹൃദ പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ/പൊതുഇടങ്ങൾ ഇവയെല്ലാം സർക്കാർ ലക്ഷ്യമിടുന്നതാണ്.

കേരള സർക്കാരിന്റെ വയോജന ക്ഷേമ പദ്ധതികളുടെ നടത്തിപ്പുവകുപ്പ് സാമൂഹിക നീതി വകുപ്പാണ്. (Nodel Dept.) വിവിധ കേന്ദ്ര - സംസ്ഥാന പദ്ധതികളെകുറിച്ച് താഴെ വിവരിക്കുന്നു.

**(I) (1) ഇന്ദിര ഗാന്ധി ദേശീയ വയോജന പെൻഷൻ (IGNOAPS)**

ദാരിദ്രരേഖയ്ക്ക് താഴെയുള്ള വയോജനങ്ങൾക്ക് പഞ്ചായത്തുകൾ മുഖേന നൽകുന്ന മാസ പെൻഷൻ പദ്ധതി.

**2) വയോജനങ്ങൾക്കുള്ള സംയോജിത പദ്ധതി. (POP)**

ഈ കേന്ദ്ര പദ്ധതി പ്രകാരം താമസം/ഭക്ഷണ/വസ്ത്രം/ആരോഗ്യപരിരക്ഷ എന്നിവ വിഭാവനം ചെയ്യുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/സന്നദ്ധ സംഘടനകൾ എന്നിവ വഴി നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ 90% തുകയും കേന്ദ്ര സർക്കാർ വഹിക്കുന്നതാണ്.

**3) രാഷ്ട്രീയ വയോശ്രീ യോജന:**
ദാരിദ്രരേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് ശാരീരിക വൈകല്യങ്ങളെ മറികടക്കുന്നതിന് ഉള്ള സഹായം, കൃത്രിമ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള സഹായം ഈ പദ്ധതി വഴി ലഭിക്കും. സാമൂഹിക നീതി വകുപ്പ്/തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നതാണ് ഈ പദ്ധതി.

**4) വയോ അമൃതം:** സംസ്ഥാന സർക്കാർ, സാമൂഹിക നീതി വകുപ്പ്/ആരോഗ്യ വകുപ്പ് എന്നിവയുടെ സഹായത്തോടെ വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് ചികിത്സാ സഹായം/ആരോഗ്യപരിരക്ഷ എന്നിവ നൽകുന്ന പദ്ധതി.

**5) വയോമിത്രം:** കേരള സാമൂഹിക സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതി വഴി മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിൽ വരുന്ന 65 വയസ്സിനു മുകളിലുള്ള BPL വിഭാഗത്തിൽ പെടുന്ന വയോജനങ്ങൾക്ക് ആരോഗ്യ പരിരക്ഷയും സംരക്ഷണവും മറ്റും നൽകുന്നു. പാലിയേറ്റീവ് കെയർ/സഞ്ചരിക്കുന്ന ക്ലിനിക്/സൗജന്യ മരുന്ന് തുടങ്ങിയ സഹായങ്ങളും ലഭിക്കുന്നു.

**(6) വയോമധുരം:** ദാരിദ്രരേഖയ്ക്ക് കീഴിലുള്ള മുതിർന്ന പൗരന്മാർക്ക് ഗ്ലൂക്കോ മീറ്റർ ലഭ്യമാക്കുന്നതിനുള്ള പദ്ധതി സാമൂഹ്യ വകുപ്പ് വഴി നടപ്പിലാക്കുന്നു.

**(7) മന്ദഹാസം:** BPL വിഭാഗത്തിൽ പെട്ട വയോജനങ്ങൾക്ക് കൃത്രിമ പല്ല് വെച്ചു കൊടുക്കുന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് നേരിട്ട് നടപ്പിലാക്കുന്നു.

**(8) സായം പ്രഭ:** വയോജനങ്ങൾക്ക് വിശ്രമിക്കുന്നതിന് പകൽവീടുകൾ ഒരുക്കുന്നതിനുള്ള പദ്ധതി സാമൂഹിക നീതി വകുപ്പ്/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നു.

**(9) വയോജന സൗഹൃദ പഞ്ചായത്തുകൾ:** 2013 - ലെ സംസ്ഥാന വയോജന നയത്തിൽ കേരളത്തിലെ എല്ലാ പഞ്ചായത്തുകളും വയോജന സൗഹൃദ പഞ്ചായത്തുകൾ ആക്കുന്നതിന് വിഭാവനം ചെയ്യുന്നു.

## ഇതുവരെ നടന്ന സൂം മീറ്റിങ്ങുകൾ

ZOOM

| | |
|---|---|
| 09.05.2020 11 am | ജില്ലാ കൗൺസിൽ |
| 17.05.2020 11 am | ജില്ലാ കൗൺസിൽ |
| 09.06.2020, 11 am | ജില്ലാ കൗൺസിൽ |
| 16.06.2020, 11 am | ജില്ലാ കൗൺസിൽ |
| 23.06.2020, 11 am | ഏറനാട് താലൂക്ക് കമ്മിറ്റി |
| 30.06.2020, 11 am | തിരൂർ താലൂക്ക് കമ്മിറ്റി |
| 07.07.2020, 10.30 am | പെരിന്തൽമണ്ണ താലൂക്ക് കമ്മിറ്റി |
| 14.07.2020, 8.00 pm | തിരൂരങ്ങാടി താലൂക്ക് കമ്മിറ്റി |
| 21.07.2020, 8.00 pm | മലപ്പുറം HQ കമ്മിറ്റി |
| 28.07.2020, 8.00 pm | കൊണ്ടോട്ടി താലൂക്ക് കമ്മിറ്റി |
| 04.08.2020, 7.30 pm | പൊന്നാനി താലൂക്ക് കമ്മിറ്റി |
| 12.08.2020, 11 am | നിലമ്പൂർ താലൂക്ക് കമ്മിറ്റി |

3/6



**ാത്രാ ആനുകൂല്യങ്ങൾ:**

ാന യാത്ര: എയർ ഇന്ത്യ, ഇന്ത്യയിൽ ിക്കുന്ന 60 വയസ്സിനു മുകളിൽ ുള്ള മുതിർന്ന പൗരന്മാർക്ക് ആഭ്യന്തര ിസുകളിൽ സാധാരണ ക്ലാസുകളിൽ ıomy class) 50% വരെ ടിക്കറ്റ് ിൽ കിഴിവ് കൊടുക്കുന്നുണ്ട്. ുടെ 7 ദിവസങ്ങൾക്ക് മുമ്പ് ടിക്കറ്റ് ുകയും മതിയായ തെളിവുരേഖകൾ ിക്കുകയും വേണം.

/Spice Jet എന്നിവയും വിവിധ കൂല്യങ്ങൾ നൽകുന്നുണ്ട്.

ത്താവളങ്ങളിൽ വയോജനങ്ങൾക്ക് ക പരിഗണനകൾ ലഭ്യമാണ്.

ിയിൽവെ: 58 വയസ്സിൽ കൂടുതലുള്ള കൾക്ക് 50%, 60 വയസ്സിന് കൂടുതലുള്ള ന്മാർക്ക് 40% തുക ഇളവ് എല്ലാ കൾക്കും ലഭിക്കും.

കാച്ചിൽ Sleeper/Two Tier AC എന്നിവ മുതിർന്ന പൗരന്മാർക്കും 45 വയസ്സിന് ിലുള്ള വനിതകൾ, തനിയെ യാത്ര ന്ന ഗർഭിണികൾ എന്നിവർക്ക് 2 Lower കൾക്ക് മുൻഗണനയുണ്ട്. (ആകെ 2 ).

ിനുകളിൽ വീൽ ചെയർ, പ്രത്യേകം cetnre (Passenger Reservation m) സൗകര്യം എന്നിവ മുതിർന്ന ാർക്ക് നൽകേണ്ടതാണ്.

ാഡ് ഗതാഗതം: കേരളത്തിൽ മുതിർന്ന മാർക്ക് യാത്രാ ബസുകളിൽ 2 കൾ നീക്കിവെച്ചിട്ടുണ്ട്.

ാടക ട്രാൻസ്പോർട്ട് കോർപ്പറേഷൻ കളിൽ 25% ചാർജ്ജ് കിഴിവ് മുതിർന്ന ാർക്ക് ഉണ്ട്.

**ർമ്മയിൽ സൂക്ഷിക്കാൻ**

ബാലകൃഷ്ണ കുറുപ്പ്, ജില്ലാ പ്രസിഡണ്ട്
72770
urup09@gmail. com

അഷ്റഫ്, ജില്ലാ സെക്രട്ടറി
07072
fdyc@gmail.com

ാപാലകൃഷ്ണൻ, ജില്ലാ ട്രഷറർ,
76253
17676253@gmail.com

വുണ്ണിക്കുട്ടി നായർ, PRO
91288
89@gmail.com

ഹമീദ്, എഡിറ്റർ
63734
ameed@gmail.com

**(III) ടെലിഫോൺ വകുപ്പ്**

(1) 60 വയസ്സിനു മുകളിലുള്ളവർക്ക് ലാൻഡ് ലൈൻ കണക്ഷന് മുൻഗണന. N-OYT വിഭാഗത്തിൽ പ്രത്യേക കാറ്റഗറിയിൽ പരിഗണന.

(2) MTNL-ൽ ഫോൺ സ്ഥാപിക്കൽ, മാസ വാടക എന്നിവയിൽ കിഴിവ്.

(3) പ്രത്യേക പ്രീപെയ്ഡ് പ്ലാൻ.

(4) പ്രത്യേക പരാതി പരിഹാര സംവിധാനം.

**(IV) ആദായ നികുതി:**

സ്ലാബുകൾ താഴെ.

60 വയസ്സിനു മുകളിൽ:

| | |
|---|---|
| 3 ലക്ഷം | ഇല്ല |
| 3-5 ലക്ഷം | 5% |
| 5-10 ലക്ഷം | 20% |
| 10 ലക്ഷത്തിന് മുകളിൽ | 30% |

80 വയസ്സിന് മുകളിൽ:

| | |
|---|---|
| 5 ലക്ഷം | ഇല്ല |
| 5-10 ലക്ഷം | 20% |
| 10 ലക്ഷത്തിനു മുകളിൽ | 30% |

മെഡിക്കൽ ഇൻഷൂറൻസ് പ്രീമിയം 50,000 രൂപ വരെയുള്ള ബാങ്ക് പലിശ എന്നിവയിൽ ചില ഇളവുകൾ ലഭ്യമാണ്.

**(V) ബാങ്കുകൾ/ ധനകാര്യസ്ഥാപനങ്ങൾ:**

RBI-യുടെ RBI/2017-18/89 തീയ്യതി 9.11.2017 സർക്കുലർ പ്രകാരം ബാങ്കുകൾ മുതിർന്ന പൗരന്മാർക്ക് വിവിധ സഹായങ്ങൾ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

പ്രത്യേകം കൗണ്ടറുകൾ/ലൈഫ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള പ്രത്യേക സംവിധാനം/ ചെക്ക് ബുക്കുകൾ നൽകുന്നതിനുള്ള പ്രത്യേക സംവിധാനം.

70 വയസ്സിനു മുകളിലുള്ള മുതിർന്ന പൗരന്മാർക്ക് അടിസ്ഥാന ബാങ്കിംഗ് സൗകര്യങ്ങൾ വീട്ടിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനം: (Door Step Banking).

മുതിർന്ന പൗരന്മാർക്കുള്ള Senior Citizen Savings Scheme പ്രകാരമുള്ള SBIയുടെ Senior Citizen Account-ന് 8.7% - 9% പലിശ ലഭിക്കുന്നതാണ്. 60 വയസ്സ് കഴിഞ്ഞാൽ KYC പ്രകാരം ബാങ്കിന് തന്നെ A/c, SCAയിലേക്ക് മാറ്റാവുന്നതാണ്.

കേരളത്തിലെ ട്രഷറിയിൽ പ്രത്യേക കൗണ്ടർ/മണി ഓർഡർ സംവിധാനം/നേരിട്ട് ഹാജരാകാതെ mustering നടത്തുന്നതിനുള്ള സൗകര്യം എന്നിവ നൽകുന്നതിന് നിർദ്ദേശമുണ്ട്.

**(VI) മറ്റു പൊതു സ്ഥാപനങ്ങൾ**

(1) മുതിർന്ന പൗരന്മാർക്ക് എതിരായ അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ അന്വേഷിക്കണമെന്ന് നിർദേശമുണ്ട്. (ഡിജിപിയുടെ സർക്കുലർ)

(2) സ്റ്റേഷനിൽ മുതിർന്ന പൗരന്മാർക്ക് മുൻഗണന നൽകണം (ഡിജിപിയുടെ സർക്കുലർ)

(3) ഒറ്റയ്ക്ക് താമസിക്കുന്ന മുതിർന്ന പൗരന്മാരെ ജനമൈത്രി പോലീസ് രണ്ട് ആഴ്ചയിൽ ഒരിക്കൽ സന്ദർശിക്കണം. (ഡിജിപിയുടെ സർക്കുലർ)

(4) റിലേഷൻഷിപ്പ് കേരള പദ്ധതിയുടെ ഭാഗമായി പഞ്ചായത്തുകളിൽ കുടുംബശ്രീ വയോജന അയൽസഭകൾ രൂപീകരിക്കാൻ നിർദ്ദേശമുണ്ട്. വയോജനങ്ങളുടെ സാമൂഹ്യ അവസ്ഥയുടെ മാറ്റം വളർത്തുകയാണ് ലക്ഷ്യം.

(5) സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും എത്തുന്ന മുതിർന്ന പൗരന്മാരെ ക്യൂവിൽ നിർത്താതെ മുൻഗണന നൽകി സേവനം ലഭ്യമാക്കാൻ സർക്കാർ നിർദ്ദേശമുണ്ട്. (സാമൂഹികനീതി ഡയറക്ടറുടെ സർക്കുലർ)

**(VII)** വയോജനങ്ങൾക്കുള്ള വിവിധ പദ്ധതികൾ/അപേക്ഷാ ഫോറങ്ങൾ എന്നിവയെ കുറിച്ച് അറിയുവാൻ താഴെ പറയുന്ന Website-കൾ സന്ദർശിക്കുക.

**Govt. of India:**
1) www.india.gov.in
2) www.socialjustice.nic.in
3) www.pensionportal.gov.in
4) www.helpageindia.org

**Govt. of Kerala:**
5) www.sjdkerala. gov.in

***പ്രത്യേക ശ്രദ്ധയ്ക്ക്***

*ഇതിൽ പ്രതിപാതിച്ചിരിക്കുന്ന കിഴിവുകൾ/ പലിശ/നികുതി എന്നിവ കാലാകാലങ്ങളിൽ ഉത്തരവുകൾ/ബഡ്ജറ്റ് എന്നിവ പ്രകാരം മാറ്റം വരുന്നതാണ്. വിവരങ്ങളുടെ ആധികാരികത അതാത് വെബ് സൈറ്റുകൾ മുഖേന പരിശോധിക്കാവുന്നതാണ്. വയസ്സ്, വിലാസം എന്നിവ തെളിയിക്കുന്നതിനുള്ള രേഖകൾ നിർബന്ധമായും കരുതണം.*

**ഓഗസ്റ്റ് 1 അന്താരാഷ്ട്ര വയോജന ദിനമാണ്**

**RRK website**
**www.rrkmpm.com**

## കോവിഡ് കാലത്തെ പ്രവർത്തന റിപ്പോർട്ട്



**പി. പി. എം. അഷ്റഫ്**
ജില്ലാ സെക്രട്ടറി

*പ്രിയമുള്ള സഹപ്രവർത്തകരെ,*

ലോകത്താകമാനം പടർന്നുപിടിച്ച ഈ കോവിഡ്-19 മഹാമാരി കാലത്ത് റിട്ടയേർഡ് റവന്യൂ കൂട്ടായ്മ അതിന്റെ വാർത്താപത്രിക ഓൺലൈനായി പ്രസിദ്ധീകരിക്കുകയാണ്. സംഘടനയുടെ പത്താം വാർഷികം സമുചിതമായി ആഘോഷിക്കാൻ തീരുമാനിച്ച സാഹചര്യത്തിലാണ് കോവിഡിന്റെ ദുരന്തങ്ങൾ നമ്മുടെ ഇടയിലും എത്തിയത്. അതുകൊണ്ടുതന്നെ നമുക്ക് ഒന്നിച്ചുകൂടാനോ പരിപാടികൾ സംഘടിപ്പിക്കാനോ കഴിയുന്നില്ല. ഈ സാഹചര്യത്തിലാണ് Zoom ആപ്പിലൂടെ താലൂക്ക് കമ്മിറ്റിയിലെ പ്രവർത്തകരുമായി നാം നിരന്തരം ബന്ധപ്പെട്ടു കൊണ്ടിരിക്കുന്നത്. അവരുടെയെല്ലാം നിർദ്ദേശത്തിന്റെ ഫലമായാണ് ഇത്തരത്തിൽ ഓൺലൈൻ ആയി നമ്മുടെ വാർത്താ പത്രിക പ്രസിദ്ധീകരിക്കുന്നത്. പുതുവത്സര ദിനത്തിൽ നാം ഒത്തുകൂടിയതിനു ശേഷം സംഘടനാ പരമായ പ്രവർത്തനങ്ങൾ കാര്യമായി ഒന്നും നടത്താൻ നമുക്ക് കഴിഞ്ഞിട്ടില്ലല്ലോ. കോവിഡിന്റെ പശ്ചാത്തലത്തിൽ താലൂക്ക് കമ്മിറ്റികൾ വഴി ദുരിതമനുഭവിക്കുന്നവർക്ക് അർഹമായ സഹായങ്ങൾ എത്തിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. ഇതിന്റെ ഭാഗമായി തിരൂർ, തിരൂരങ്ങാടി, കൊണ്ടോട്ടി എന്നീ താലൂക്ക് കമ്മിറ്റി അവരുടേതായ രീതിയിൽ പ്രവർത്തനം സംഘടിപ്പിച്ചിരുന്നു. മറ്റ് താലൂക്കുകളിൽ അതിനുള്ള സാഹചര്യങ്ങൾ ഉണ്ടായിട്ടില്ല. കൂട്ടായ്മ കഴിഞ്ഞ രണ്ടു വർഷവും ജില്ലാതലത്തിൽ പ്രളയ ദുരിതാശ്വാസ രംഗത്ത് നമ്മുടേതായ രീതിയിൽ പ്രവർത്തങ്ങൾ നടത്തിയിരുന്നു. ഇപ്പോഴുണ്ടായിട്ടുള്ള കൊറോണാ ദുരന്തവുമായി ബന്ധപ്പെട്ട് കുറേ പ്രവർത്തനങ്ങൾ നടത്താൻ കഴിയേണ്ടതായിരുന്നു; പക്ഷേ നമുക്ക് അതിന് കഴിഞ്ഞിട്ടില്ല. രാജ്യം ഇപ്പോൾ അനുഭവിച്ചു കൊണ്ടിരിക്കുന്ന ഈ പ്രത്യേക സാഹചര്യത്തിൽ നേരിട്ടുള്ള ഒത്തുചേരലിന് പകരം ഇനി സാമൂഹ്യ മാധ്യമങ്ങൾ വഴിയുള്ള കൂടിച്ചേരലുകളാവും കൂടുതൽ ഉണ്ടാകുക എന്ന കാര്യം മനസ്സിലാക്കികൊണ്ട് ആ രംഗത്ത് ആവശ്യമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയാണ് നമ്മുടെ വെബ്സൈറ്റ്. ഈ വെബ്സൈറ്റ് ഇപ്പോൾ നിലവിലുണ്ടെങ്കിലും അത് സന്ദർശിക്കുന്ന അംഗങ്ങൾ നന്നേ കുറവാണ്. വെബ്സൈറ്റിൽ ആവശ്യമായ ഭേദഗതികൾ വരുത്തി സംഘടനയുടെ എല്ലാ കാര്യങ്ങളും വെബ്സൈറ്റിലൂടെ അറിയാൻ കഴിയുംവിധം പുതിയ സംവിധാനം ചെയ്തു കൊണ്ടിരിക്കുകയാണ്. നമ്മുടെ പ്രവർത്തകരെ സോഷ്യൽ മീഡിയ ഉപയോഗം സംബന്ധിച്ച് ബോധവാന്മാരാക്കുകയും ഇത് കൈകാര്യം ചെയ്യാൻ അവരെ പരിശീലിപ്പിക്കേണ്ടതുമുണ്ട്.

അങ്ങിനെ ഓൺലൈൻ വഴി നിരന്തരം സംഘടനയും പ്രവർത്തകരും തമ്മിലുള്ള ബന്ധം ഊട്ടിഉറപ്പിക്കാം. അതാവട്ടെ ഇക്കാലത്തെ നമ്മുടെ പ്രാധാന അജണ്ട.

എല്ലാവർക്കും ആയുരാരോഗ്യങ്ങൾ നേർന്നു കൊണ്ട് നിർത്തുന്നു.

## കാലത്തിന്റെ കുളമ്പടി ശബ്ദം



**പി. രാവുണ്ണിക്കുട്ടി നായർ**
**PRO & Zoom Meeting Host**

തികച്ചും അപ്രതീക്ഷിതമായി വന്ന കോവിഡ്-19 മഹാമാരിയെതുടർന്ന് പരസ്പരം കാണുവാനും യോഗങ്ങൾ നടത്തുവാനും അസാധ്യമായിരിക്കുന്നുവല്ലോ. ഈ സാഹചര്യത്തിൽ സമൂഹത്തിലെ ഇതര സംഘടനകളും വ്യക്തികളും അവലംബിച്ച Zoom മീറ്റിംഗ് വഴി യോഗങ്ങൾ നടത്താനും കാര്യങ്ങൾ ചർച്ച ചെയ്യാനും RRK-യും നിർബന്ധിതരായിരിക്കുന്നു. നമ്മുടെ കൂട്ടായ്മയുടെ പല യോഗങ്ങളും Zoom സംവിധാനം വഴി നടത്തുകയുണ്ടായി. എന്നാൽ യോഗങ്ങളിൽ പ്രാതിനിധ്യം വളരെ കുറവായിരുന്നു. മീറ്റിംഗിൽ പങ്കെടുക്കുന്നതിനുള്ള സാങ്കേതിക വൈദഗ്ധ്യം ഇല്ലെന്നാണ് ഇതിന് കാരണമായി പലരും പറഞ്ഞത്. അതിനാലാണ് ഇത്തരത്തിൽ ഒരു വിശദീകരണ ലേഖനം എഴുതേണ്ടി വന്നത്. Zoom മീറ്റിംഗിൽ ചേരുക വളരെ ലളിതമായ കാര്യമാണ്; വാട്സ്ആപ്പ് പോലെ തന്നെ വളരെ ലളിതം. അത് എങ്ങിനെയാണെന്ന് വിശദീകരിക്കാം.

ആദ്യമായി "Play Store"-ൽ നിന്നും Zoom എന്ന app ഡൗൺലോഡ് ചെയ്ത് Install ചെയ്യുക. പിന്നീട് താഴെ പറയും പ്രകാരം മീറ്റിങ്ങിൽ ജോയിൻ ചെയ്യുക:

(1) Internet ഓൺ ചെയ്യുക.

(2) Zoom meeting എന്ന് ടൈപ്പ് ചെയ്തു ക്ലിക്ക് ചെയ്യുക,


(3) തുറന്നു വരുന്ന window-യിൽ "Host meeting", "Schedule meeting", "Join meeting" എന്നിവ കാണാം. അതിൽ Join meeting ക്ലിക്ക് ചെയ്യുക.

(4) തുടർന്ന് window ഓപ്പൺ ആകും. അവിടെ (നേരത്തെ തന്നിട്ടുള്ള 11 അക്ക സംഖ്യ) Meeting ID നിശ്ചിത സ്ഥലത്ത് type ചെയ്ത് join click ചെയ്യുക. (തുടർന്ന് vivo.... എന്ന സ്ഥാനത്ത് നിങ്ങളുടെ പേര് അടിച്ചാൽ മീറ്റിങ് സമയത്ത് ഫോട്ടോയിൽ നിങ്ങളുടെ പേരും വരുന്നതാണ്. പേര് അടിച്ചില്ലെങ്കിലും വിരോധമില്ല; ഫോട്ടോയുടെ കൂടെ പേര് വരില്ല എന്ന് മാത്രം)


(5) തുടർന്ന് മറ്റൊരു window ഓപ്പൺ ആകും. അതിൽ നേരത്തെ നൽകുന്ന passcode ടൈപ്പ് ചെയ്തു OK കൊടുക്കുക. അല്പം കാത്തിരിക്കുക. സെക്കൻഡുകൾക്കുള്ളിൽ നിങ്ങൾ മീറ്റിംഗിൽ പങ്കാളിയാവും.

സ്ക്രീനിൽ നിങ്ങളുടെ ഫോട്ടോയുടെ താഴെ ഇടതുഭാഗത്ത് തുമ്പപ്പൂ പോലുള്ള ഒരു icon കാണാം. ഇത് ക്ലിക്ക് ചെയ്താൽ ഓഡിയോയും ലഭ്യമാകും. ഈ icon-ൽ ഒരു റെഡ് മാർക്ക് വീണാൽ ഓഡിയോ mute (silent) ആയി എന്നതാണ്. അവിടെ ഒന്ന് ക്ലിക്ക് ചെയ്താൽ റെഡ് മാർക്ക് പോകും തുടർന്ന് ശബ്ദം കേൾക്കാനാകും. Meeting ID, Passcode എന്നിവ ഓരോ മീറ്റിങ്ങിനും വ്യത്യസ്തമായിരിക്കും. അവ മീറ്റിങ്ങിനു മുൻപായി വാട്ട്സ് ആപ് ഗ്രൂപ്പിൽ അറിയിപ്പ് നൽകുന്നതാണ്. ലളിതമായ ഈ പ്രക്രിയ ചെയ്യാൻ കാര്യമായ യാതൊരു സാങ്കേതിക വിജ്ഞാനവും ആവശ്യമില്ല. എന്നിരുന്നാൽ തന്നെയും വീട്ടിൽ ഈ സംവിധാനം അറിയാവുന്ന മറ്റാരെങ്കിലും ഉണ്ടെങ്കിൽ തുടക്കത്തിൽ അവരുടെ സഹായം തേടുന്നത് നന്നായിരിക്കും. വരുംകാലങ്ങളിൽ പ്രസക്തമായ മാധ്യമമായി Zoom മാറുമെന്നതിനാൽ എല്ലാ RRK മെമ്പർമാരും ഇത് സ്വായത്തമാക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ആദരാഞ്ജലികൾ



ടി. നാരായണൻ
Retd.Dy.Collr പാലമാട്
28-12-2019



ബാലകൃഷ്ണൻ വാരിയത്ത്
Retd.Dy.Tahsildar, കണ്ണമംഗലം
12-04-2020



പി.വി.ശേഖര വാരിയർ
Retd.VO. തച്ചിങ്ങനാടം
01-06-2020



എൻ. രാധാകൃഷ്ണൻ
Retd.ദഫേദാർ, മലപ്പുറം
28-06-2020



കെ. മാധവൻ
Retd.Dy.Tahsildar, ആനമങ്ങാട്
10-08-2020